**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5776** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്ന് ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്കാവശ്യമായ രക്തഘടകങ്ങൾ സൗജന്യമായി നൽകുന്ന പദ്ധതി, നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്ന് ആശാധാര പദ്ധതിയിൽ ലയിപ്പിച്ചതിനാൽ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വരുത്തിയ വ്യത്യാസങ്ങൾ ഹീമോഫീലിയ രോഗികളുടെ ചികിത്സയെ ദോഷകരമായി ബാധിക്കുമോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ദോഷകരമായി ബാധിക്കുകയില്ല. ആശാധാര പദ്ധതി മുഖേന രോഗികൾക്ക് കൃത്യ സമയത്ത് ശരിയായ രീതിയിലും അളവിലും ദേശീയ അന്തർ ദേശീയ മാനദണ്ഡങ്ങൾ പ്രകാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും, രോഗികൾക്കുള്ള ബോധവത്ക്കരണം നടത്തുന്നതിനും, വികേന്ദ്രീകൃതവും, സമഗ്രവും അതിനൂതനവുമായ ചികിത്സാ രീതികൾ താലൂക്ക്, ജില്ലാ ആശുപത്രികൾ മുഖാന്തിരവും റീജിയണൽ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ, മെഡിക്കൽ കോളേജുകൾ എന്നീ തലങ്ങളിലും ലഭ്യമാക്കുവാൻ കഴിയുന്നതാണ്.** |
| (ബി) | എങ്കിൽ പ്രസ്തുത വിഷയം ഹീമോഫീലിയ രോഗികളുടെ സംഘടനകൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച ചെയ്ത് ചികിത്സയ്ക്ക് അനുകൂലമായ രീതിയിൽ മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഹീമോഫീലിയ ചികിത്സ കാരുണ്യ പദ്ധതിയിൽ നിന്നും ആശാധാര പദ്ധതിയിലേക്ക് മാറ്റിയശേഷം ഹീമോഫീലിയ ബാധിതർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതുമായി ബന്ധപ്പെട്ട് രോഗികളിൽ നിന്നും, സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ യഥാസമയം പരിശോധിക്കുകയും ശാസ്ത്രീയമായതും ഫലവത്തായതുമായ ചികിത്സ ഇവർക്ക് ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ നടത്തിപ്പിൽ വേണ്ട മാറ്റങ്ങൾ, നിവേദനങ്ങളിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി വരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ